# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ കമ്മിറ്റി

**06.02.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 5.30–ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അസംബ്ലി മന്ദിരത്തിലെ ചേംബറിൽ ബഹു.ഗ്രാമവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.01.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി നിർവഹണ അവലോകനം

2.1.1 സംസ്ഥാനത്തൊട്ടാകെ പദ്ധതി നിർവഹണത്തിന് 06.02.2013 വരെ 183 കോടി രൂപ ചെലവ് ഉണ്ടായിട്ടുണ്ട്. യു.സി. ലഭിക്കാത്തതിനാൽ ചെലവുവിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. അടുത്ത യോഗത്തോടെ കൂടുതൽ കൃത്യമായ കണക്കുകൾ ലഭ്യമാകുമെന്നും നിരീക്ഷിച്ചു.

2.1.2 2012–13 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ മിച്ചം വന്ന തുകയ്ക്ക് സമാന സ്വഭാവമുള്ള പുതിയ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം തേടാവുന്നതാണ്. ഇതിനുള്ള സൗകര്യം സുലേഖ ആപ്ലിക്കേഷനിൽ ഐ.കെ.എം. ചെയ്തു കൊടുക്കുന്നതാണ്.

2.1.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള സമൂഹ്യ സുരക്ഷാമിഷന് എല്ലാ സാമ്പത്തികവർഷവും ഫണ്ട് കൈമാറേണ്ടതാണ്. ഇതനുസരിച്ച് 30.01.2013–ലെ സ.ഉ.(സാധാ)നം. 242/2013 തസ്വഭവ ഉത്തരവിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 ആറന്മുള ഗ്രാമപഞ്ചായത്ത് (ഫയൽ നം.77132/എഫ്.എം.2/12/തസ്വഭവ)**

സഹകരണ പരിശീലന കോളേജ് കൈമാറിക്കിട്ടിയ സ്ഥാപനമല്ലാത്തതിനാൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.4343/ഡി.ഡി.2/13/തസ്വഭവ)**

റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പകരമായി പുതിയ പ്രവൃത്തികളും 2011–12–ലെ മിച്ചം ഉപയോഗിച്ച് ഒരു പ്രവൃത്തിയും ഏറ്റെടുക്കാനുള്ള പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 എടവണ്ണ ഗ്രാമപഞ്ചായത്ത് (ഫയൽ നം.72569/ഡി.എ2/12/തസ്വഭവ))**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് റോഡു എറ്റെടുക്കുന്നതിനുള്ള നിബന്ധനയിൽ ഈ വർഷം മാറ്റം വരുത്തേണ്ടതില്ല എന്നും അടുത്ത വർഷം ഈ വിഷയം പരിഗണിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തിരുവനന്തപുരം ജില്ലാതല അപ്പലേറ്റ് കമ്മിറ്റി സമർപ്പിച്ച തർക്ക പ്രോജക്ട്**
**(ഫയൽ നം.3774/ഡി.എ2/13/തസ്വഭവ))**

ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയുടെ 05.01.2013-ലെ യോഗത്തിൽ പരിഗണിച്ച 5 തർക്ക പ്രോജക്ടുകൾക്കും അംഗീകാരം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

പഴയ കാറുകളുടെ വിൽപ്പനക്ക് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങാനും മറ്റ് വിശദവിവരങ്ങൾ ലഭ്യമാക്കാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6** പട്ടികജാതി വിദ്യാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ പരിശീലന വികസന സൗകര്യം ഉപയോഗപ്പെടുത്താൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7** കാലിത്തീറ്റ, കാലിത്തൊഴുത്ത്, ട്രാൻസ്പോർട്ടേഷൻ എന്നിവയുടെ പ്രോജക്ട് സംബന്ധിച്ച് ക്ഷീര വികസന വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8** മത്സ്യതൊഴിലാളി വനിതാ സംഘങ്ങൾക്ക് ഉത്പാദന ക്ഷമതാ വർദ്ധനവ് എന്ന പ്രോജക്ടിനെ സംബന്ധിച്ച് ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9** ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്കും മറ്റും ലാപ്ടോപ് വാങ്ങി നൽകാനുള്ള പ്രോജക്ടിന് ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനാ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10** കിടാരി വളർത്തൽ പദ്ധതിയിൽ കാലിത്തൊഴുത്ത്, കാലിത്തീറ്റ തുടങ്ങിയവ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11** 15 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ഓരോന്നും പ്രത്യേക കേസായി സമർപ്പിക്കുന്ന മുറക്ക് പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.12 മെയിന്റനൻസ് ഗ്രാന്റിന് അനുവദിക്കുന്നതിനുള്ള നിബന്ധനയിൽ മാറ്റം വരുത്തുക പ്രായോഗികമല്ലാത്തതിനാൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കൊല്ലം ജില്ലാ പഞ്ചായത്ത്**

(എ) നെല്ലുൽപാദനം സംബന്ധിച്ച പ്രോജക്ടിന് വികുപ്പു ഡയറക്ടറുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(ബി) പതിനഞ്ചുലക്ഷം രൂപയിൽ കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ഓരോ പ്രത്യേക കേസായി സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കാനും റോഡുകളുടെ വീതി സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡം ബാധകമാക്കാനും തീരുമാനിച്ചു.

**3.14 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്**

ബൾബ് രഹിത പഞ്ചായത്ത് എന്ന പദ്ധതി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പോത്തുകൽ ഗ്രാമപഞ്ചായത്ത്**

കിടാരി വിതരണം പ്രോജക്ട് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചു മാത്രം നടപ്പാക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്**

ക്ഷീര വികസനവുമായി ബന്ധപ്പെട്ട മൂന്നു പ്രോജക്ടുകൾക്ക് ക്ഷീര വികസന വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിലും വികലാംഗർക്ക് പ്രയോജനം ലഭിക്കും എന്നതിനാലും വികലാംഗർക്ക് മുച്ചക്ര വാഹനം നൽകാനുള്ള പ്രോജക്ടിന് അംഗീകാരം നൽകി. എന്നാൽ മുമ്പ് പ്രയോജനം ലഭിച്ചവർക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 നാദാപുരം ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതി സംബന്ധിച്ച ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മലപ്പുറം ജില്ലാ പഞ്ചായത്ത്**

2012-13 വാർഷിക പദ്ധതിയിൽ മുൻവർഷത്തേതുപോലെ സ്ക്കൂൾ പി.റ്റി.എ കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**
**(ഫയൽ നം.1456/ഡി.ബി.3/13/തസ്വഭവ)**

പ്രസിഡിന്റിന് ഔദ്യോഗിക വാഹനം വാങ്ങിയതിനുണ്ടായ അധിക ചെലവ് സാധൂകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.7162/ഡി.എ2/13/തസ്വഭവ)**

പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രോജക്ടുകളുടെ ഡാറ്റാഎൻട്രിക്ക് ഫെബ്രുവരി 15 വരെയും വെറ്റിംഗ് ഫെബ്രുവരി 22-വരെയും സമയം ദീർഘിപ്പിച്ചു നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.7227/ഡി.എ2/13/തസ്വഭവ)**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ കൂവേരി തൂക്കുപാലം അറ്റകുറ്റപ്പണിക്ക് പുതിയ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 വെളിയങ്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.75401/ഡി.എ2/13/തസ്വഭവ)**

വൃദ്ധജനങ്ങളുടെ പ്രത്യേക പരിചരണത്തിനായി 2012-13 വർഷം ഉൾപ്പെടുത്തിയ രണ്ട് പ്രോജക്ടുകൾക്ക് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പരപ്പ ബ്ലോക്ക്പഞ്ചായത്ത്**

വൃദ്ധജനങ്ങൾക്ക് പകൽ വിശ്രമകേന്ദ്രം എന്ന പദ്ധതിക്ക് സൗജന്യമായി സ്ഥലവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കും എന്ന വ്യവസ്ഥയിന്മേൽ അംഗീകാരം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 വെള്ളനാട് ബ്ലോക്ക്പഞ്ചായത്ത്**

സുലേഖ ആപ്ലിക്കേഷൻ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി അക്കൗണ്ടു പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം ക്രമപ്പെടുത്താൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 തൃശൂർ ജില്ലാപഞ്ചായത്ത്**

കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള റോഡിതര പ്രവൃത്തികൾ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയത് ഈ വർഷം തുടരാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 തൃശൂർ ജില്ലാപഞ്ചായത്ത്**

നിലവിലുള്ള സംയുക്ത പ്രോജക്ടുകൾ തുടരാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.5351/ഡി.എ2/13/തസ്വഭവ)**

റോഡു പുനരുദ്ധാരണ പദ്ധതിയിലെ മിച്ചം തുക ഉപയോഗിച്ച് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74681/ഡി.എ2/13/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കാൻ 13.12.2012-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിക്കുകയും അതുപ്രകാരം 26.12.2012-ലെ സ.ഉ.(എം.എസ്)344/12/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡുകൾക്ക് 6 മീറ്റർ വീതി എന്ന വ്യവസ്ഥ വ്യക്തമാക്കത്തക്ക രീതിയിൽ ഉത്തരവിൽ സ്പഷ്ടീകരണം നൽകേണ്ട താണെന്ന് തീരുമാനിച്ചു. ഇത് ജില്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.4030/ഡി.എ2/13/തസ്വഭവ)**

10.01.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന് ഇപ്പോൾ ഭേദഗതി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.4982/ഡി.എ2/13/തസ്വഭവ)**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.5361/ഡി.ഡി.2/13/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയ മുറിയുടെ ഡെപ്പോസിറ്റും വാടകയും സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്**

2012-13 വർഷത്തെ റോഡിതര മെയിന്റനൻസ് ഗ്രാന്റ് സറണ്ടർ ചെയ്തത് സാധൂകരിച്ച് ഗ്രാന്റിനം പുനഃക്രമീകരിക്കണമെന്ന ആവശ്യം സംസ്ഥാന ബജറ്റുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ധനകാര്യ വകുപ്പിനെ സമീപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 6.30-ന് അവസാനിച്ചു)**